പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T6307** **31.10.2011-ൽ മറുപടിക്ക്**

**വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ് : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| ബി) എങ്കിൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | ബി) അപേക്ഷകളിന്മേൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്. |
| സി) കൊല്ലം കോർപ്പറേഷനിൽ എത്ര അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത് ; | സി) 4153 അപേക്ഷകളിൽ പെൻഷൻ അനുവദിച്ചുവെങ്കിലും ഫണ്ട് ലഭ്യമല്ലാത്തതിനാൽ വിതരണം മുടങ്ങിക്കിടക്കുന്നു. |
| ഡി) വാർദ്ധക്യകാല പെൻഷൻ കുടിശ്ശികയില്ലാതെ നൽകുന്നതിനുള്ള തുക അടിയന്തിരമായി അനുവദിക്കുമോ ? | ഡി) അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ